## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.556** **03.03.2020-ൽ മറുപടിക്ക്**

## കോലഞ്ചേരിയിൽ ഡിസ്ട്രിബ്യൂഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ

| | ചോദ്യം<br><br>ശ്രീ . ജോൺ ഫെർണാണ്ടസ് | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ കോലഞ്ചേരി പട്ടണത്തിൽ റബർ തോട്ടങ്ങൾക്കിടയിലൂടെയും പാടശേഖരങ്ങളിലൂടെയും വൈദ്യുതി ലൈൻ കടന്നുപോകുന്നത് മൂലം വൈദ്യുതി വിതരണത്തിൽ നേരിടുന്ന തടസം പരിഹരിക്കുന്ന പ്രവൃത്തിയും പുളപ്പനം ഫീഡർ റോഡിന്റെ വശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും ഡിസ്ട്രിബ്യൂഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എ)<br>&<br>(ബി) | കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ കോലഞ്ചേരി പട്ടണത്തിൽ റബർ തോട്ടങ്ങൾക്കിടയിലൂടെയും പാടശേഖരങ്ങളിലൂടെയും നിലവിൽ വലിച്ചിട്ടുള്ള 11 കെ.വി കോലഞ്ചേരി ഫീഡർ UG കേബിൾ സ്ഥാപിച്ച് റോഡിൽ കൂടിയാക്കുന്നതിനുള്ള പ്രവൃത്തി 2019-20 സാമ്പത്തിക വർഷത്തെ ഡിസ്ട്രിബ്യൂഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. UG കേബിൾ പ്രവൃത്തികൾ ചെയ്യുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി ആവശ്യമുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് എത്രയും വേഗം മേൽ പ്രവൃത്തികൾ ചെയ്ത് തീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>പുളപ്പനം എൽ.ടി ലൈൻ റോഡിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള പകുതി പ്രവൃത്തികൾ 2018-19-ൽ ചെയ്തിരുന്നു. ബാക്കി പ്രവൃത്തികൾ 2019-2020 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ